**162 (1706) കൊടുമണ്ണിൽ കളക്ഷൻ സെന്റർ തുടങ്ങുവാൻ നടപടി**

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കൊടുമൺ അങ്ങാടിക്കലിൽ കെ. എസ്.ഇ.ബി.യുടെ കളക്ഷൻ സെന്റർ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കളക്ഷൻ സെന്റർ അങ്ങാടിക്കൽ പബ്ലിക് ലൈബ്രറിയുടെ കെട്ടിടത്തിൽ ആരംഭിക്കാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. കളക്ഷൻ സെന്റർ തുടങ്ങാൻ 22.5.1999-ൽ അനുമതി കൊടുത്തുകഴിഞ്ഞു.

(ബി) അങ്ങാടിക്കൽ സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ വാടകയില്ലാതെ പ്രവർത്തിക്കുന്നതിനാണ് അനുമതി കൊടുത്തിട്ടുള്ളത്.

**163 (1707) കോന്നിയിൽ ഒരു സബ്സ്റ്റേഷൻ നിർമ്മാണം**

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരപ്രദേശമായ കോന്നി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനായി കോന്നിയിൽ ഒരു സബ്സ്റ്റേഷൻ ആരംഭിക്കേണ്ട കാര്യം വൈദ്യുതി ബോർഡ് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യം ജനപ്രതിനിധികൾ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി കൈക്കൊണ്ടു;

(സി) കോന്നിയിൽ ഒരു 110/66 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കാനും മലയോര പിന്നോക്ക പ്രദേശമായ കോന്നിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി)കോന്നിയിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) കോന്നിയിൽ ഒരു 110/66 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പഠനം നടത്തി ആവശ്യമെങ്കിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**164 (1708) ഉറുംപനിയിൽ പുതിയ ജലവൈദ്യുത പദ്ധതി നടപ്പാക്കാൻ നടപടി**

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly